(Pages : 4) **S – 7583**

**Reg. No. : ............................**

**Name : .................................**

## Third Semester M.A. Degree Examination, February 2024

## Malayalam Language and Literature

## ML 231 : സമകാലസാഹിത്യം - ഗദ്യം

## (2013-2018 Admission)

Time : 3 Hours Max. Marks : 75

I. **ഈരണ്ടു** പുറത്തിൽ കവിയാതെ ഉത്തരം എഴുതുക.

1. (a) 'അസ്വസ്ഥമായ മനസ്സുകളിൽ പാണ്ഡവപുരം രൂപം കൊള്ളുന്നു' എന്ന പ്രസ്താവനയുടെ പൊരുളെന്ത്? വിശദമാക്കുക.

അല്ലെങ്കിൽ

(b) 'ആനന്ദിന്റെ നോവലുകൾ കേരളീയതയെയല്ല, ഇന്ത്യൻ നഗരജീവിതസംഘർഷങ്ങളെയാണ് പ്രമേയമാക്കിയത് - വ്യക്തമാക്കുക.

2. (a) പിറ എന്ന നോവലിന്റെ പ്രമേയം, ആഖ്യാനം എന്നിവയുടെ സവിശേഷതകൾ വിലയിരുത്തുക.

അല്ലെങ്കിൽ

(b) സ്ത്രീവാദസാഹിത്യം എന്നാൽ എന്ത്? വിശദമാക്കുക.

3. (a) ഓരോ സ്ത്രീയുടെയും നിശബ്ദരോധനങ്ങളാണ് 'ഒരു സ്ത്രീയും പറയാത്തത് എന്ന കഥയിലൂടെ കഥാകാരി ആവിഷ്ക്കരിക്കുന്നത്. പ്രമേയ വിശകലനം നടത്തുക.

അല്ലെങ്കിൽ

(b) കാല്പനികത മലയാളകഥയുടെ പ്രമേയത്തിലും ഭാഷയിലും സൃഷ്ടിച്ച മാറ്റങ്ങൾ എന്തെല്ലാം?

P.T.O.

4. (a) 'മുതിർന്നവരുടെ ലോകത്തെ നുണകളോടുള്ള ശക്തമായ പരിഹാസമാണ് നുണകൾ' വിശദമാക്കുക.

അല്ലെങ്കിൽ

(b) കപ്പിത്താന്റെ മകൾ എന്ന കഥയുടെ ആഖ്യാനസവിശേഷതയെന്ത്?

5. (a) ധ്വന്യാത്മകതയും പ്രതീകാത്മകവുമായ കഥപറച്ചിലാണ് മുരുകൻ എന്ന പാമ്പാട്ടിയെ ശ്രദ്ധേയരചനയാക്കുന്നത്? - വ്യക്തമാക്കുക.

അല്ലെങ്കിൽ

(b) മലയാളത്തിലെ ഉത്തരാധുനിക സൈദ്ധാന്തിക വ്യവഹാരങ്ങളുടെ വിമർശനമാണ് ചവർഗം താലവ്യമോ? എന്ന കഥ - ഈ നിരീക്ഷണം പരിശോധിക്കുക.

6. (a) സ്ത്രീയുടേതുമാത്രമായ അനുഭവലോകങ്ങളെ സ്ത്രീപക്ഷത്തു നിന്ന് ആഖ്യാനം ചെയ്യുന്ന നോവലാണ് ഒരു വഴിയും കുറെ നിഴലുകളും - വ്യക്തമാക്കുക.

അല്ലെങ്കിൽ

(b) ആദിശേഷൻ എന്ന കഥയിലൂടെ ആവിഷ്കൃതമാകുന്ന ജീവിത ദർശനമെന്ത്?

7. (a) മലയാളനാടക ചരിത്രത്തിൽ അവനവൻ കടമ്പയ്ക്കുള്ള പ്രാധാന്യമെന്ത്?

അല്ലെങ്കിൽ

(b) പച്ചവിരൽ എന്ന ആത്മകഥയുടെ ഉള്ളടക്കമെന്ത്?

**(7 × 3 = 21 Marks)**

II. **നാലു** പുറത്തിൽ കവിയാതെ ഉത്തരം എഴുതുക.

8. (a) മൂപ്പിലിശ്ശേരിയെന്ന ഗ്രാമത്തിന്റെ ചരിത്ര പുരാവൃത്തങ്ങളെ തോറ്റങ്ങൾ പുനരാവിഷ്ക്കരിക്കുന്നതിന്റെ രീതിശാസ്ത്രം വിവരിക്കുക.

അല്ലെങ്കിൽ

(b) കണ്ടൽക്കാടുകൾക്കിടയിൽ എന്റെ ജീവിതം എന്ന കൃതി നല്കുന്ന സന്ദേശമെന്ത്?

9. (a) ചിരിയുടെ ചുറ്റികപ്രയോഗമാണ് വി.കെ. എൻ. സാഹിത്യം എന്ന നിരീക്ഷണം സോദാഹരണം വിവരിക്കുക.

അല്ലെങ്കിൽ

(b) നിലാവ് അറിയുന്നു എന്ന കഥയിലൂടെ സാറ ജോസഫ് അവതരിപ്പിക്കുന്ന പ്രകൃതിജീവനം ചർച്ച ചെയ്യുക.

10. (a) പാരിസ്ഥിതികസ്ത്രീവാദം എന്നാലെന്ത്? മലയാളകഥകൾ ഉദാഹരിച്ച് ഉപന്യസിക്കുക.

അല്ലെങ്കിൽ

(b) തനതു നാടകവേദി മലയാള നാടകവേദിയെ പരീക്ഷണാത്മക അരങ്ങായി നവീകരിച്ചതെങ്ങനെ? കാവാലം നാരായണപ്പണിക്കരുടെ നാടകങ്ങൾ ആധാരമാക്കി വിവരിക്കുക.

11. (a) മലയാള നോവൽ ചരിത്രത്തിലെ ആദ്യകാലസ്ത്രീ സാന്നിധ്യങ്ങളെക്കുറിച്ച് ചർച്ച ചെയ്യുക.

അല്ലെങ്കിൽ

(b) ഉത്തരാധുനിക സ്ത്രീപക്ഷകഥകളുടെ സവിശേഷതകൾ ഉദാഹരണസഹിതം വിവരിക്കുക.

12. (a) സ്ത്രീപക്ഷ നാടകവേദിയുടെ ചരിത്രവും രാഷ്ട്രീയവും സ്ത്രീനാടകങ്ങൾ ആധാരമാക്കി ചർച്ച ചെയ്യുക.

അല്ലെങ്കിൽ

(b) ടി. പത്മനാഭന്റെ കഥാഖ്യാനത്തിന്റെ സവിശേഷതകൾ പ്രകാശം പരത്തുന്ന പെൺകുട്ടിയെ മുൻനിർത്തി പരിശോധിക്കുക.

**(5 $\times$ 6 = 30 Marks)**

III. **അഞ്ചു** പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.

13. (a) ഉത്തരാധുനികതയുടെ പരിണാമഘട്ടങ്ങൾ മലയാള ചെറുകഥയിൽ എപ്രകാരമാണ് പ്രതിഫലിച്ചിട്ടുള്ളത്? ഉദാഹരണസഹിതം വ്യക്തമാക്കുക.

അല്ലെങ്കിൽ

(b) മലയാളത്തിലെ സ്ത്രീപക്ഷ ആത്മകഥകളെ അതിജീവനത്തിന്റെ പ്രതിരോധ പാഠങ്ങളെന്ന നിലയിൽ വിശകലനവിധേയമാക്കുക.

14. (a) അനുഭവാഖ്യാനകൃതികളെ സാഹിതീയാപരം എന്നു വിശേഷിപ്പിക്കുന്നതിന്റെ സാംഗത്യം പരിശോധിക്കുക.

അല്ലെങ്കിൽ

(b) 'മരണസർട്ടിഫിക്കറ്റ്' എന്ന നോവലിനെ മുൻനിർത്തി ആനന്ദിന്റെ രചനകളിലെ ആഖ്യാനം, പ്രമേയം, ഘടന, എന്നിവയുടെ സവിശേഷതകൾ വിലയിരുത്തുക.

15. (a) ചന്ദ്രമതിയുടെ രചനാസവിശേഷതകൾ ലൂസിഫറിനെ മുൻനിർത്തി വിലയിരുത്തുക.

അല്ലെങ്കിൽ

(b) ആധുനികാനന്തര മലയാള നോവലിന്റെ പ്രമേയഘടന, ആഖ്യാനശൈലി, ഭാഷ തുടങ്ങിയ ഘടകങ്ങൾ സോദാഹരണം വിശകലനം ചെയ്യുക.

**(3 × 8 = 24 Marks)**